**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. 27.10.2022 ലെ SRO നം. 1030/2022, SRO നം. 1031/2022 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 01.11.2022 ലെ സ.ഉ (ആർ.റ്റി) നം. 2660/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെയും ഉദ്യോഗസ്ഥ സംവിധാനം നിശ്ചയിച്ച് ഉത്തരവായിട്ടുമുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഏകോപനവുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ സംബന്ധിച്ച് പ്രത്യേകിച്ച് പരാതികളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ